# ഗവ: വി.ജെ.ബി.എസ്
# ഉദയംപേരൂർ

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-'26

Scanned with OKEN Scanner

# ഗവ: വി. ജെ ബി. എസ് ഉദയംപേരൂർ

വിലാസം : ഗവ: വി.ജെ.ബി എസ്
ഉദയംപേരൂർ
ഉദയംപേരൂർ. P-O
എറണാകുളം 682307

ഫോൺ : 9497796506

സ്കൂൾ കോഡ് : 26406

വിദ്യാഭ്യാസ ഉപജില്ല : തൃപ്പൂണിത്തുറ.

വിദ്യാഭ്യാസ ജില്ല : എറണാകുളം

ബി.ആർ.സി : തൃപ്പൂണിത്തുറ.

ഗ്രാമപഞ്ചായത്ത് : ഉദയംപേരൂർ.

ബ്ലോക്ക് പഞ്ചായത്ത് ; മുളന്തുരുത്തി

ജില്ലാപഞ്ചായത്ത് : എറണാകുളം

നിയമസഭാമണ്ഡലം : തൃപ്പൂണിത്തുറ

ലോകസഭാമണ്ഡലം ; എറണാകുളം

താലൂക്ക് : കണയന്നൂർ.

വില്ലേജ് : മണകുന്നം.

ഇ-മെയിൽ : udayamperoorvjbs@gmail.com

Scanned with OKEN Scanner

## സ്കൂൾ - ചരിത്രം

ഉദയം പേരൂർ പഞ്ചായത്തിൽ 17-ാം വാർഡിലാണ് വി.ജെ.ബി.എസ് സ്ഥിതി ചെയ്യുന്നത്. ചരിത്രപ്രസിദ്ധമായ ഉദയംപേരൂർ സൂനഹദോസ്പള്ളി വിദ്യാലയത്തിനടുത്താണ് സ്ഥിതിചെയ്യുന്നത്.

വൈക്കം - തൃപ്പൂണിത്തുറ റോഡിനരികിലായി തികച്ചും ഗ്രാമീണാന്തരീക്ഷത്തിൽ സ്ഥിതിചെയ്യുന്ന ഈ വിദ്യാലയം പരിസ്ഥിതി സൗഹൃദമായ, ശാന്തസുന്ദരമായ അന്തരീക്ഷത്തിലാണ് ഈ വിദ്യാലയത്തിൽ പഠനം നടക്കുന്നത്.

വിദ്യാദിവർദ്ധിനി വെർണാക്കുലർ മിഡിൽ സ്കൂൾ എന്നപേരിൽ 1907-ൽ സ്ഥാപിതമായതാണ് ഈ വിദ്യാലയം. ആദ്യകാലത്ത് 5 മുതൽ 7 വരെ ക്ലാസുകൾ ഉണ്ടായിരുന്നു. പിന്നീട് 1 മുതൽ 5 വരെയായി. ഇപ്പോൾ 1 മുതൽ 4 വരെ ക്ലാസുകളും പ്രീ-പ്രൈമറിയും ഇവിടെയുണ്ട്. തീരദേശമേഖലയിൽ നിന്നുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള കുട്ടികളാണ് ഇവിടെ പഠിക്കുന്നവരിൽ ഭൂരിഭാഗവും.

പ്രീപ്രൈമറി മുതൽ 4-ാം ക്ലാസുവരെ 160 ഓളം കുട്ടികൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നു. സബ് ജില്ലാ കലോത്സവം, പ്രവൃത്തി പരിചയ മേള തുടങ്ങിയവയിൽ മികച്ച പ്രകടനങ്ങൾ കാഴ്ച വെയ്ക്കുന്നു. മുൻ വർഷം പ്രവൃത്തി പരിചയ മേളയിൽ ഗവർമെന്റ് സ്കൂൾ തലത്തിൽ ഉപജില്ലയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കാൻ കഴിഞ്ഞു.

Scanned with OKEN Scanner

പ്രീ-പ്രൈമറിയിൽ അധ്യാപികയും ആയയും ഉണ്ട്.
1 മുതൽ 4 വരെ ക്ലാസുകളിൽ 2,3,4 ക്ലാസുകളിൽ രണ്ട് ഡിവിഷൻ വീതമുണ്ട്.
ഹെഡ്മിസ്ട്രസ് ഉൾപ്പെടെ 6 അധ്യാപകരും ഒരു പാർട്ട് ടൈം സ്വീപ്പറും ഇവിടെയുണ്ട്. തൃപ്പൂണിത്തുറ ഉപജില്ലയിലെ Lead Primary ആയി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതാണ് ഈ സ്കൂളിലെ പ്രൈമറി വിഭാഗം. കൂടാതെ Healthy Kids പ്രോഗ്രാം, വർണ്ണക്കൂടാരം എന്നീ പദ്ധതികൾ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്.
കുട്ടികളുടെ ശേഷിവികസനത്തിനായി വിവിധതരത്തിലുള്ള പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. ഗണിതമൂല, വായനമൂല, ശാസ്ത്രമൂല എന്നിവ അതിനായി സജ്ജീകരിച്ചിരിക്കുന്നു.

Scanned with OKEN Scanner

## അക്കാദമിക - പരിമിതികൾ

സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിൽ അധിഷ്ഠിതമായി നടപ്പിലാക്കി വരുന്ന അക്കാദമിക പ്രവർത്തനങ്ങൾക്ക് ഭൂരിഭാഗം രക്ഷിതാക്കളും പിന്തുണ നൽകിവരുന്നു. ചെറിയ ശതമാനം രക്ഷിതാക്കളിൽ നിന്ന് കുട്ടികൾക്ക് വേണ്ട പഠന പിന്തുണ ലഭിക്കാതെ വരുന്നത് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു.

കുട്ടികളുടെ പ്രകൃതത്തിനനുസരണമായ ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഓരോ അധ്യാപകരും ശ്രമിക്കുന്നു. പഠനത്തിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് അതിനനുസരണമായ പ്രവർത്തനങ്ങൾ നൽകുകയും. പിന്നോക്കക്കാർക്ക് അവർക്ക് യോജിച്ച പ്രവർത്തനങ്ങൾ നൽകി കൊണ്ട് പഠനശേഷി കൈവരിക്കുന്നതിന് വേണ്ട ആസൂത്രിത പ്രവർത്തനങ്ങൾ നടത്തിവരുന്നു. എങ്കിലും പഠനത്തിൽ അടിസ്ഥാന പഠനലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കാതെ വരുന്ന ഒരു ചെറിയ വിഭാഗം കുട്ടികൾക്ക് ഇത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രതിസന്ധി സൃഷ്ടിക്കുന്നു.

Scanned with OKEN Scanner

## പ്രതിസന്ധികൾ - പരിമിതികൾ

- കുട്ടികൾക്ക് ~~[illegible]~~ ഒരുമിച്ചിരുന്ന് ~~[illegible]~~ കഴിക്കുന്നതിന് സൗകര്യം ഒരുക്കണം.
- പ്രവേശനോത്സവം, പഠനോത്സവം, സ്കൂൾവാർഷികം തുടങ്ങിയ പരിപാടികൾ നടത്തുന്നതിന് Auditorium/ Stage ഇല്ല. താൽക്കാലികമായ സംവിധാനങ്ങൾ ഒരുക്കേണ്ടി വരുന്നതുമൂലം ഭീമമായ സാമ്പത്തിക ബാധ്യത ഉണ്ടാവുന്നു.
- സ്കൂൾ പരിസരം പുല്ല് ചെത്തി വൃത്തിയാക്കുന്നത് നിശ്ചിത ഇടവേളകളിൽ ചെയ്യേണ്ടി വരുന്നതും സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നു.
- സ്കൂൾ പരിസരത്ത് വളർന്നു പന്തലിച്ച് നിൽക്കുന്ന തണൽ മരങ്ങളുടെ ചില്ലകൾ യഥാസമയം മുറിച്ച് മാറ്റുന്നത് വളരെയധികം ആയാസകരവും, സാമ്പത്തിക ബാധ്യത വരുത്തുന്നതുമാണ്.

## സ്കൂൾ ബസ് പരിമിതികൾ

ബസിന്റെ കാലപ്പഴക്കം മൂലം ഇടയ്ക്കിടെ ഉണ്ടാകുന്ന അറ്റകുറ്റപ്പണികൾ, വർധിച്ച ഇന്ധനച്ചെലവ് ബസ് ജീവനക്കാരുടെ വേതനം തുടങ്ങിയ ചെലവുകൾ വഹിക്കുവാൻ പ്രാപ്തമായ മതിയായ ഫണ്ടുകൾ ലഭിക്കുന്നില്ല.

| | | |
|---|---|---|
| • മത്സരപരീക്ഷകൾക്ക് പരിശീലനം<br>• ശാസ്ത്രാഭിരുചി വളർത്താൻ<br>• ~~[illegible]~~<br>ശാസ്ത്രലാബ് / ശാസ്ത്രമേള } വിപുലീകരണം<br>• Communicative English - Training<br>• Hello English<br>• E-cube Language learning programme<br>• പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം<br>മലയാളത്തിളക്കം<br>ശ്രദ്ധ<br>• സുതാര്യമായ മൂല്യനിർണയം<br>• പരിഹാരബോധന പ്രവർത്തനങ്ങൾ<br>• പഠനോത്സവം<br>Social Auditing | | • വിദ്യാലയവികസനത്തിന് സാമൂഹ്യമാധ്യമങ്ങളെ ഉപയോഗപ്പെടുത്തൽ<br>• വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടുന്നതിന് Social media platform ഉപയോഗിക്കൽ<br>• പഠനോത്സവം<br>• ഭവനസന്ദർശനം<br>• Inclusive education<br>• അതിഥിത്തൊഴിലാളികളുടെ മക്കൾക്ക് സ്കൂൾ പഠന സൗകര്യം ഉറപ്പാക്കൽ |

Scanned with OKEN Scanner

• എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരും സ്വതന്ത്ര രചയിതാക്കളുമാക്കി മാറ്റുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വായനാശീലം വളർത്തൽ | • ജൂൺ-19 ന് തുടങ്ങി സ്കൂൾ ക്ലാസ് ലൈബ്രറികൾ പ്രവർത്തനക്ഷമമാക്കൽ | June - March. | PTA<br>അധ്യാപകർ |
| • ക്ലാസ്സ് ലൈബ്രറി വിപുലീകരണം | ക്ലാസ്സ് ഒരു വായനക്കൂട്<br>വീട് ഒരു പുസ്തകക്കൂട് പദ്ധതികൾ ആരംഭം<br>• കുട്ടികളുടെ പിറന്നാളിന് ക്ലാസ്സ് ലൈബ്രറിയിലേക്ക് പുസ്തകം സമ്മാനമായി നൽകൽ | | രക്ഷിതാക്കൾ<br>സന്നദ്ധ സംഘടനകൾ |
| • സ്വതന്ത്രവായനാശേഷി വളർത്തൽ | • വായനക്കാർഡുകൾ തയ്യാറാക്കൽ | | |
| സ്വതന്ത്രരചനാശേഷി വളർത്തൽ | കൂട്ടവായന,<br>വായനക്കുറിപ്പ്,<br>പുസ്തകവിശകലനം - ചർച്ചകൾ<br>സംവാദങ്ങൾ സംഘടിപ്പിക്കൽ.<br>വായനാമൂല ഒരുക്കൽ<br>• കുഞ്ഞെഴുത്ത്<br>• സംയുക്ത ഡയറി<br>സർഗാത്മക ഡയറി<br>ഭാഷോത്സവ,<br>രചനോത്സവ<br>പ്രവർത്തനങ്ങൾ<br>• പിന്തുണ പ്രവർത്തനങ്ങൾ. | | |

Scanned with OKEN Scanner

## സാങ്കേതിക വിദ്യാ സൗഹൃദ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| • കുട്ടികൾക്ക് IT പരിശീലനം നൽകി വിവര വിനിമയ സാങ്കേതിക വിദ്യയിൽ നിപുണരാക്കൽ | playbox Activities | June to March | IT Club<br>Teachers |
| Smart ക്ലാസ് മുറികളിൽ IT അധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പാക്കൽ | പാഠഭാഗങ്ങളുടെ വിനിമയത്തിന് IT സാധ്യത പരമാവധി പ്രയോജനപ്പെടുത്തൽ | June to March | Teachers. |

Scanned with OKEN Scanner

ഗണിതശേഷിവികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| • ഗണിത പഠനം രസകരമാക്കുന്നതിലൂടെ ഗണിതശേഷി വികാസം ഉറപ്പാക്കൽ | ഉല്ലാസഗണിതം<br>ഗണിത വിജയം | June to March | അധ്യാപകർ |
| • ഗണിത ലാബ് സജ്ജമാക്കൽ | ചെലവ് കുറഞ്ഞ വസ്തുക്കൾ ഉപയോഗിച്ച് ഗണിത പഠനത്തിനാവശ്യമായ പഠനോപകരണങ്ങൾ നിർമിക്കൽ | | ഗണിതക്ലബ്ബ്<br>PTA<br>Teachers. |
| • ഗണിതമേളകൾക്ക് മുന്നൊരുക്കം | ക്ലാസ്സ് തല, സ്കൂൾ തല ഗണിതമേള,<br>ഗണിതക്വിസ്<br>ഗണിത മാഗസിൻ | June to November | ഗണിത ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പരിഹാരബോധന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു. | ശ്രദ്ധ<br>മലയാളത്തിളക്കം.<br>......<br>വീണ്ടും ബുക്കിൽ എഴുതുന്നത്<br>വീണ്ടും വായന | June to March | ~~Class~~ Teachers. |

പഠനോത്സവം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പഠനമികവുകൾ പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുക ~~കുട്ടികളുടെ~~ ~~[illegible]~~ കുട്ടികൾ നേടിയ ശേഷികൾ Social Auditing-ന് വിധേയമാക്കുകയും ചെയ്യുന്നു. | പഠനമികവുകളുടെ അവതരണം<br>ക്ലാസ് തലം<br>സ്കൂൾ തലം<br>പഠനോല്പന്ന പ്രദർശനം. | March | PTA<br>കുട്ടികൾ<br>~~Teachers~~.<br>SRG. |
| Social media platform-ൽ പ്രചാരണം നൽകുന്നു. | | | PTA<br>SSG |

# ശാസ്ത്രാഭിരുചി വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| • കുട്ടികളിൽ ശാസ്ത്രാവബോധം വളർത്താനുതകുന്ന തരത്തിൽ പരീക്ഷണങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ | കൗതുകമുണർത്തും തരത്തിൽ പരീക്ഷണങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു ഫലങ്ങൾ പാലിച്ച് പരീക്ഷണക്കുറിപ്പ് എഴുതുന്നു. | June to March | Science club |
| • ശാസ്ത്രലാബ് വിപുലീകരിക്കൽ | ശാസ്ത്രലാബിൽ ആവശ്യമായ സാധനങ്ങൾ Refill ചെയ്യുന്നു | | Teachers PTA |
| • ശാസ്ത്രമൂല ഓരോ ക്ലാസ്മുറിയിലും സജ്ജമാക്കൽ | ക്ലാസ്സ്മുറികളിലെ ആവശ്യങ്ങൾക്കനുസരിച്ച് ശാസ്ത്രമൂല സജ്ജമാക്കുന്നു. | | Teachers PTA |

Scanned with OKEN Scanner

മത്സരപ്പരീക്ഷകൾ, ശാസ്ത്രപ്രവൃത്തിപരിചയ ഗണിതശാസ്ത്ര മേളകൾക്ക് മുന്നൊരുക്കം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| • ക്വിസ് മത്സരങ്ങൾ, LSS തുടങ്ങിയ മത്സരപ്പരീക്ഷകൾക്ക് കുട്ടികളെ കണ്ടെത്തി പരിശീലനം നൽകൽ | ക്വിസ് ബോക്സ് അസംബ്ലിയിൽ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതി ബോക്സിൽ നിക്ഷേപിക്കുകയും, അദ്ധ്യായാവസാനം ക്വിസ് മത്സരം നടത്തി വിജയിയെ കണ്ടെത്തുകയും ചെയ്യുന്നു. നിരന്തരമായ പരിശീലനം കുട്ടികൾക്ക് നൽകി മത്സരപ്പരീക്ഷകൾക്ക് തയ്യാറാക്കുന്നു. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് സ്കൂൾ തലമത്സരങ്ങൾ നടത്തുന്നു | June to March. | വിവിധ ക്ലബ്ബുകൾ |
| • ശാസ്ത്രപ്രവൃത്തി പരിചയ ഗണിത ശാസ്ത്ര മേളകളിൽ മികച്ച പ്രകടനത്തിന് മുന്നൊരുക്കം | ക്ലാസ്സ് തല, സ്കൂൾതല മേളകൾ നടത്തി താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നു. | June to November | PTA<br>Teachers.<br>ചുമതല വിദ്യാർത്ഥികൾ |

Scanned with OKEN Scanner

## Communicative English Training
## Proficiency in Language

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| • Communicative English Training | Hello English<br>E-cube Language learning. | June to March | class Teachers |
| • Class room Reading corner ~~in each~~ | Arrange a reading corner class wise to encourage independent reading habit. | June to March. | PTA<br>class Teachers<br>Language club. |

## സുതാര്യമായ മൂല്യനിർണ്ണയം, പരിഹാരബോധനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| • വികാസപ്രദ വിലയിരുത്തൽ നടത്തി പഠനലക്ഷ്യങ്ങളിലേക്ക് എത്തുന്നതിനുള്ള ഇടർച്ചകൾ തടസങ്ങളും മനസിലാക്കുകയും, പിന്തുണ നൽകുകയും ചെയ്യുന്നു..<br>• സ്വയം വിലയിരുത്തലിനും, പരസ്പര വിലയിരുത്തലിനും മെച്ചപ്പെടുത്തലിനും അവസരം ഒരുക്കൽ | ക്ലാസ് റൂം പ്രവർത്തനങ്ങൾ ഓരോന്നും ഓരോ കുട്ടിയെയും നിരന്തരം നിരീക്ഷിച്ച് പുരോഗതി വിലയിരുത്തുന്നു.<br>യൂണിറ്റ് വിലയിരുത്തൽ നടത്തി class PTA യിൽ പഠന പുരോഗതി വിലയിരുത്തുന്നു | June – March | Class Teachers<br>Class PTA |

Scanned with OKEN Scanner